റൂളിംഗ്

പുതിയ ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ധനകാര്യ മെമ്മോറാണ്ടം വസ്തുതാപരമല്ലെന്നും മാതൃനിയമം ഭേദഗതി ചെയ്യുമ്പോൾ രണ്ട് സമിതികൾ രൂപീകരിക്കേണ്ടി വരുമെന്നും അതിനാൽ അധിക സാമ്പത്തിക ബാധ്യത വരുമെന്നും അക്കാരണം കൊണ്ടുതന്നെ ധനകാര്യ മെമ്മോറാണ്ടം പുന:പരിശോധിക്കേണ്ടിവരുമെന്നുമാണ് ശ്രീ. വി. പി. സജീന്ദ്രന്റെ ക്രമപ്രശ്നം. എന്നാൽ ഭേദഗതി ചെയ്യുന്നതോടുകൂടി രൂപീകരിക്കപ്പെടുന്ന രണ്ട് സമിതികളുടെയും അദ്ധ്യക്ഷന്മാരായി ഒരേ ജഡ്ജിയെതന്നെ നിയോഗിക്കും എന്ന നിലപാടാണ് ബഹുമാനപ്പെട്ട മന്ത്രി സർക്കാരിനുവേണ്ടി ഇവിടെ പറഞ്ഞിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അധികചെലവ് പ്രതീക്ഷിക്കുന്നില്ല എന്നാണ് മന്ത്രിയുടെ വിശദീകരണം. ഇതിനെ വിശദമായി പരിശോധിച്ചതിൽ ശ്രീ. വി. പി. സജീന്ദ്രന്റെ ക്രമപ്രശ്നത്തിൽ അല്പം യുക്തിയുണ്ടെന്നാണ് ചെയറിന് തോന്നുന്നത്. ഗവൺമെന്റിന്റെ വിശദീകരണം തൃപ്തികരമാണെന്ന് കാണാൻ കഴിയില്ല. ഭേദഗതി ബില്ലിൽ രണ്ട് സമിതികളും

രണ്ട് ചെയർമാന്മാരുമുണ്ടാകണമെന്നാണ് വ്യക്തമായി വ്യവസ്ഥ ചെയ്തിരിക്കുന്നത്. രണ്ട് സമിതികളുടെയും ചെയർപേഴ്സൺമാർ ഒരാളായിരിക്കുമെന്ന വ്യവസ്ഥ ബില്ലിൽ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ രണ്ട് സമിതികളുടെയും പ്രവർത്തന ചെലവിനാവശ്യമായ തുക വകയിരുത്തേണ്ടി വരുമെന്നു തന്നെയാണ് സാധാരണ ഗതിയിൽ വിലയിരുത്താൻ കഴിയുക. അത്തരത്തിലുള്ള ഒരു ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾപ്പെടുത്തുന്നതായിരിക്കും അഭികാമ്യമെന്ന് കരുതുന്നു. ഈ സാഹചര്യത്തിൽ ക്രമപ്രശ്നത്തോട് ഉന്നയിക്കപ്പെട്ട കാര്യം വീണ്ടും പരിശോധനാവിധേയമാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ഈ ബിൽ അന്തിമമായി പാസ്സാക്കുന്ന തീയതിയ്ക്കുമുമ്പായി സഭയ്ക്ക് ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.